**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1608

21.01.2014 ലെ
മറുപടിയ്ക്ക്

**ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.ഷംസുദ്ദീൻ<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.കെ. ബഷീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) ന്യൂനപക്ഷക്ഷേമം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ; | എ) 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രങ്ങൾ. (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.)<br>3. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി. (തുടർ പദ്ധതി)<br>4. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി .<br>5. സി.എ/ഐ.സി.ഡബ്ല്യ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി.<br>7. ദ്വിവൽസര ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ -റീ-ഇംബേഴ്സ് മെന്റ് സ്കീം.<br>8. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.<br>9. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി.<br>10. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. |
| ബി) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യം വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ ആദ്യ രണ്ട് വർഷങ്ങളിൽ നീക്കിവച്ചിട്ടുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ; | ബി) 11-ാം പദ്ധതിക്കാലത്ത് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയിരുന്ന ബഹുമുഖ വികസന പദ്ധതി ( MSDP) 12-ാം പദ്ധതിയിൽ ന്യൂനപക്ഷകേന്ദ്രീകൃത ബ്ലോക്ക്/ ടൗൺ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്. (സംസ്ഥാനത്ത് വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുമാണ് (ടൗൺ) പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടത്). കൂടാതെ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് |

വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 12-ാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ എം.എസ്.ഡി.പിയിലുൾപ്പെടുത്തി 2430.01 ലക്ഷം രൂപയുടെ പദ്ധതികളാണ് കേന്ദ്ര എംപവേഡ് കമ്മിറ്റി നിലവിൽ അനുവദിച്ചിട്ടുള്ളത്.

സി) പതിനൊന്നാം പദ്ധതിക്കാലത്തെ ഫണ്ടിന്റെ ലഭ്യതയും വിനിയോഗവും നടപ്പാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

സി) പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ സംസ്ഥാനത്ത് നിന്ന് ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായി തെരഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയ്ക്ക് ആകെ ലഭിച്ച ഫണ്ട് 2563.475ലക്ഷം രൂപയാണ്. (ഇതിൽ കേന്ദ്ര വിഹിതം 1869.805 ലക്ഷവും സംസ്ഥാന വിഹിതം 693.670 ലക്ഷവും ഉൾപ്പെടുന്നു.) ഇതിൽ 1971.7918 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ ഐ.ടി.എനേബിൾഡ് സെൽ സ്ഥാപിക്കുന്നതിന് അനുവദിച്ച 518000 രൂപയിൽ 382967/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

<u>നടപ്പിലാക്കിയ പദ്ധതികൾ</u>

<u>എം.എസ്.ഡി.പി. വയനാട്</u>

| ക്രമ നമ്പർ | പദ്ധതി | കിട്ടിയ തുക ( രൂ. ലക്ഷം) | ചെലവഴിച്ച തുക (രൂ. ലക്ഷം) | റിമാർക്സ് |
|---|---|---|---|---|
| 1 | പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 | 180 | പൂർത്തീകരിച്ചു. |
| 2 | 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം | 423.29 | 423.29 | പൂർത്തീകരിച്ചു. |
| 3 | മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേയ്ക്കുള്ള കടിവെള്ളപദ്ധതി വിപുലീകരണം | 700 | 700 | പൂർത്തീകരിച്ചു. |
| 4 | പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കടിവെള്ള വിതരണ പദ്ധതി | 250 | 250 | പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 5 | പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറത്തറ, കപ്പാടിത്തറ വില്ലേജുകളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 430 | 376.25 | ജനുവരി മാസം അവസാനത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | മേപ്പാടി ഗവ. പോളിടെക്നിക് കോളേജിലെ ലാബോറട്ടറികളുടെ നവീകരണം | 75 | 37.93 | ഒരു ലാബ് നിർമ്മാണം പൂർത്തിയാക്കി. രണ്ടാമത്തെ ലാബിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 7 | ജില്ലാ ആസ്ഥാനത്തെ IT Enabled Cell | 5.19 | 4.32 | ഐ.ടി. സെൽ കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| 8 | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 500 | ഇല്ല | പി.ഡബ്ല്യു.ഡി മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| | ആകെ | 2563.48 | 1971.79 | |

സെക്ഷൻ ഓഫീസർ